LIBRARY ARCHIVES Kerala Legislative Assembly

ബാങ്കിംഗ് നിയമ (ഭേദഗതി) 2020 ബിൽ, നിയമമാകുന്നതിനുമുമ്പ് ഈ നിയമത്തിലെ, സഹകരണ ബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേദഗതി വേണമെന്ന് സംസ്ഥാന നിയമസഭ ഒരു പ്രമേയത്തിലൂടെ ഐകകണ്ഠ്യേന ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്തുനിന്നുള്ള പാർലമെന്റംഗങ്ങൾ മുഖാന്തരവും പ്രശ്നം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ബിൽ നിയമമായതിനു ശേഷമുള്ള ഭാവിനടപടികൾ ചർച്ച ചെയ്യുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു സർവ്വകക്ഷി യോഗം വിളിച്ചുചേർക്കുന്നതിന് തീരുമാനിച്ചിരുന്നെങ്കിലും പൊതുതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിൽ ടി യോഗം വിളിച്ചു ചേർക്കുന്നതിന് കഴിഞ്ഞിരുന്നില്ല.

പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണം

7 (*36) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എം. എം. മണി:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ റിഫൈനറിയുൾപ്പെടെ രാജ്യത്തെ തന്ത്രപ്രധാനവും അല്ലാത്തതുമായ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും സ്വകാര്യവത്കരിക്കാനുള്ള നടപടിയുമായി കേന്ദ്രസർക്കാർ മുന്നോട്ടു പോകുമ്പോൾ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നിലപാട് വ്യക്തമാക്കുമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാനുള്ള കഴിഞ്ഞ സർക്കാരിന്റെ പ്രവർത്തനം വലിയ തോതിൽ വിജയം കണ്ട സ്ഥിതിക്ക് ആ ദിശയിൽ കൂടുതൽ നടപടികളുണ്ടാകുമോ?

(എ&ബി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്കരണ നടപടികളുമായി കേന്ദ്രസർക്കാർ മുന്നോട്ടുപോകുമ്പോൾ, സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ നിലനിർത്തി പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള ബദൽ നയസമീപനമാണ് സ്വീകരിച്ചുവരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ സംരക്ഷിച്ചു നിർത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയ പ്രാഥമിക അവലോകന യോഗത്തിൽ ഉത്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉത്പന്നങ്ങളുടെ വൈവിധ്യവത്കരണം, വിപുലീകരണം എന്നിവയ്ക്ക് മുൻതൂക്കം നൽകുന്ന പദ്ധതികൾ മേഖല തിരിച്ച് തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഓരോ സ്ഥാപനങ്ങളുടേയും പ്രവർത്തന- അവലോകന സംവിധാനം കൂടുതൽ ശക്തിപ്പെടുത്തും. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സ്ഥാപന മേധാവികളുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്. പൊതുമേഖലയെ സംരക്ഷിക്കുന്ന സംസ്ഥാന സർക്കാരിന്റെ നയത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കാസർഗോഡ് ആസ്ഥാനമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.എൻ.എൽ.-നെ ഏറ്റെടുക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഏറ്റെടുപ്പ് പൂർത്തിയായതിനുശേഷം കിൻഫ്ര സമർപ്പിച്ച റെസൊല്യൂഷൻ പ്ലാൻ പ്രകാരം സ്പെഷ്യൽ ഓഫീസറുടെ മേൽനോട്ടത്തിൽ കമ്പനി പ്രവർത്തിപ്പിക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും തീരുമാനിക്കുന്നതാണ്. കൂടാതെ ഓരോ പൊതുമേഖലാ സ്ഥാപനങ്ങളിലേയും മാനേജിംഗ് ഡയറക്ടർമാരുടെ പ്രവർത്തന മികവ് വിലയിരുത്തുവാനും മാനേജിംഗ് ഡയറക്ടർമാരുടെ ഒഴിവുള്ള സ്ഥാപനങ്ങളിൽ പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡുവഴി നികത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി വിലയിരുത്തിയിരുന്നോ; വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാരുമായി ഒരു ഓൺലൈൻ യോഗം വിളിച്ചുചേർക്കുകയും കമ്പനികളുടെ പ്രവർത്തനമേഖല, മുൻകാല പ്രവർത്തനങ്ങൾ, നിലവിലെ സ്ഥിതി, ഭാവി പദ്ധതികൾ എന്നിവ സംബന്ധിച്ച് അവലോകനം നടത്തുകയുമുണ്ടായി. വ്യവസായ മേഖലയിൽ കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി പൊതുമേഖലയേയും കാര്യമായി ബാധിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ പ്രവർത്തന-അവലോകന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ഉത്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഫലമായി ആധുനികവത്കരണം, വിപുലീകരണം,

LIBRARY ARCHIVES Kerala Legislative Assembly

വൈവിധ്യവത്കരണം എന്നീ പദ്ധതികളോടൊപ്പം വാർഷിക പെർഫോമൻസ് ടാർജറ്റ് ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർപ്ലാനുകൾ കമ്പനിതലത്തിൽ തയ്യാറാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. മാസ്റ്റർപ്ലാൻ തയ്യാറാക്കുവാൻ മേഖല തിരിച്ച് കമ്പനികളുടെ മാനേജിംഗ് ഡയറക്ടർമാർ ഉൾപ്പെടുന്ന കോർ ഗ്രൂപ്പുകൾ ഉണ്ടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഗവേഷണ മേഖല ശക്തിപ്പെടുത്തുവാനും വിവിധ ഗവേഷണ സ്ഥാപനങ്ങളുമായും സർവ്വകലാശാലകളുമായും ഗവേഷണ പ്രവർത്തനങ്ങളിൽ സഹകരിക്കാനുള്ള നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു.

ഭക്ഷ്യസംസ്കരണ വ്യവസായ മേഖലയിലെ നിക്ഷേപം

8 (*37) ശ്രീ. മുഹമ്മദ് മുഹസിൻ. :
ശ്രീ. പി. ബാലചന്ദ്രൻ :
ശ്രീ. സി. സി. മുകുന്ദൻ :
ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസംസ്കരണ വ്യവസായ മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ?

ഭക്ഷ്യ സംസ്കരണ വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി പ്രവർത്തനങ്ങളും പദ്ധതികളും വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ഉത്പാദന മേഖലയിലുള്ള സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിനുമേൽ സാമ്പത്തികസഹായം നൽകുന്ന പദ്ധതിയായ സംരംഭക സഹായ പദ്ധതി (ESS)-യിൽ ഭക്ഷ്യ സംസ്കരണ മേഖലയെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി അധിക സഹായമായി ആകെ സ്ഥിര നിക്ഷേപത്തിന്റെ 10%, പരമാവധി 10 ലക്ഷം രൂപ അധിക സബ്സിഡി ഉൾപ്പെടെ 30 ലക്ഷം രൂപവരെ സബ്സിഡിയായി നൽകി പ്രോത്സാഹിപ്പിക്കുന്നു. കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Ministers Formalization of Micro Food Processing Enterprises) പദ്ധതിവഴി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാബന്ധിത പദ്ധതികൾക്ക് സാമ്പത്തികസഹായം നൽകുന്നു. വ്യക്തിഗത സംരംഭങ്ങൾക്ക് പദ്ധതി ചെലവിന്റെ 35%, പരമാവധി 10 ലക്ഷം രൂപവരെയാണ് സബ്സിഡി. ജില്ലാതലത്തിൽ കണ്ടെത്തിയിട്ടുള്ള ഒരു ജില്ല ഒരു പ്രോഡക്റ്റ് (ODOP) ഉത്പന്നത്തിന്റെ സംസ്കരണത്തിന് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ പ്രവർത്തിക്കുന്ന മറ്റ് ഭക്ഷ്യ ഉത്പന്നങ്ങളുടെ സംസ്കരണ സ്ഥാപനങ്ങൾക്കും ഈ പദ്ധതി പ്രകാരമുള്ള സഹായം നൽകുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായി